# 59. മാവൂർ എന്ന മഹാമാരി

കോഴിക്കോടിനടുത്തു് മാവൂർ എന്ന സ്ഥലത്തു് ചാലിയാറിന്റെ തീരത്തിലുള്ള ഗ്വാളിയോർ റയോൺസ് എന്ന ഫാക്ടറി രണ്ടു വർഷത്തിലേറെ കാലമായി പൂട്ടിക്കിടക്കുകയാണു്. തങ്ങൾ അധികാരത്തിൽ വന്നാൽ ഈ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുമെന്നു് തിരഞ്ഞെടുപ്പിനുമുമ്പു കേരളത്തിലെ ഇടതുമുന്നണിക്കാർ വാഗ്ദാനം ചെയ്തിരുന്നു. സ്റ്റേറ്റിന്റെ ഭരണം ഇടതുമുന്നണി ഏറ്റെടുത്തിട്ടു് ഒരു വർഷത്തോളമായിട്ടും കമ്പനി തുറക്കാതിരുന്നപ്പോൾ കമ്പനി തുറപ്പിക്കുന്നതിനു് ഗവണ്മെന്റിനെക്കൊണ്ടു നടപടികൾ എടുപ്പിക്കുന്നതിനായി രണ്ടു തൊഴിലാളി പ്രവർത്തകർ ആരംഭിച്ച നിരാഹാരസമരം ഈ പ്രശ്നത്തിലേക്കു സ്റ്റേറ്റിലെ മുഴുവൻ ജനങ്ങളുടെയും ശ്രദ്ധ ആകർഷിച്ചു. നിരാഹാരം മൂലം രണ്ടു പ്രവർത്തകരും മരിച്ചേക്കുമെന്ന ഘട്ടം വന്നപ്പോൾ മധ്യസ്ഥന്മാർ ഇടപെടുകയും സർക്കാർ നൽകിയതായി പറയപ്പെടുന്ന ചില ഉറപ്പുകളുടെ അടിസ്ഥാനത്തിൽ നിരാഹാരം നിർത്തിവെക്കുകയും ചെയ്തു. ഈ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടില്ലെന്നു് ഇപ്പോൾ ആക്ഷേപം ഉയർന്നിട്ടുണ്ടു്.

മൃദുമരങ്ങൾ, മുള, ഈറ്റ മുതലായവ പൾപ്പാക്കി അതിൽനിന്നു ബോർഡുകൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനമാണു് ഗ്വാളിയോർ റയോൺസ് ഫാക്ടറിയിലുള്ളതു്. വനവിഭവങ്ങൾ, വെള്ളം, വൈദ്യുതി എന്നിവ വലിയ തോതിൽ ഇതിനാവശ്യമാണു്. ഈ ഫാക്ടറി മാവൂരിൽ തുടങ്ങുന്നതിനുമുമ്പു് അതിനെപ്പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ എന്നു സംശയമാകുന്നു. കേരളസംസ്ഥാന രൂപവല്ക്കരണത്തെത്തുടർന്നു് അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഗവണ്മെന്റാണു വലിയ സൗജന്യങ്ങൾ നൽകി ബിർളയെക്കൊണ്ടു് ഈ ഫാക്ടറി ഇവിടെ തുടങ്ങിച്ചതു്. ഫാക്ടറിക്കു് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ വലിയ തോതിൽ പണം ചെലവഴിച്ചു. ഷൊർണ്ണൂർനിന്നു് എറണാകുളത്തേക്കു റെയിൽപ്പാത പണിയാൻ വേണ്ടിവന്നതിലും എത്രയോ കൂടുതൽ വലിയ ഒരു തുക ചെലവഴിച്ചാണു് കോഴിക്കോട്ടുനിന്നു് മാവൂരിലേക്കു ഫാക്ടറിയുടെ ആവശ്യത്തിനുവേണ്ടി സർക്കാർ റോഡു വെട്ടിയതു്. ഫാക്ടറിക്കുവേണ്ടി ടണ്ണിനു് ഒരു രൂപ വിലയ്ക്കു് കേരളത്തിലെ കാടുകളിലെ മുള മുഴുവൻ എത്രയോ വർഷത്തേക്കു കുത്തകയായി സർക്കാർ നൽകുകയും ചെയ്തു. മുളവെട്ടിത്തീർന്നപ്പോൾ ഫാക്ടറിയിലേക്കുവേണ്ടി യൂക്കാലിപ്റ്റസ് മരം നടുന്ന പരിപാടിയും കേരളത്തിലെ വനങ്ങളിൽ വ്യാപകമായി നടപ്പിൽവരുത്തി. കേരള ഗവണ്മെന്റിന്റെ വനംവകുപ്പു മുഴുവൻ ഗ്വാളിയോർ റയോൺസിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഏജൻസി ആണെന്ന നിലവരെ കാര്യങ്ങൾ നീങ്ങി.

വൻതോതിൽ പ്രകൃതിമലിനീകരണത്തിനിടവരുത്തുന്ന ഒന്നാണു് മരം പൾപ്പാക്കി അതിൽ നിന്നു ബോർഡു് നിർമിക്കുന്ന വ്യവസായം. ഗ്വാളിയോർ റയോൺസ് പ്രവർത്തനമാരംഭിച്ചതോടെ ചാലിയാറിലെ ജലം മുഴുവൻ പല രാസവസ്തുക്കൾ കലർന്നു് വിഷദൂഷിതമായി. മത്സ്യങ്ങൾ പാടെ ചത്തു; ജനങ്ങളുടെ ആരോഗ്യം തകരാറിലായി. ക്രമത്തിൽ ചാലിയാറിന്റെ കരയിലെ ചെടികളും കൊടികളും മരങ്ങളും വിഷം ബാധിച്ചു് നശിച്ചു. വെള്ളത്തിൽ കലർന്ന വിഷത്തിനു പുറമെയായിരുന്നു വായുവിൽ നിറഞ്ഞ വിഷപ്പുക. ഇതും സമീപപ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിൽ പല മാരകരോഗങ്ങൾ പരത്തി. ചാലിയാറിലെ വിഷം കോഴിക്കോട്ടു നഗരത്തിൽ വിതരണം ചെയ്യുന്ന വെള്ളത്തിൽക്കൂടി കലരുന്നുണ്ടോ എന്നു ഭയപ്പെടേണ്ട നിലവന്നു. ഈ ജല—വായു മലിനീകരണം തടയാൻ കമ്പനി കൈക്കൊണ്ട നടപടികൾ അർദ്ധ

മനസ്സോടെയുള്ളവയും അപര്യാപ്തങ്ങളുമായിരുന്നു. ഇനി ഫാക്ടറി തുറന്നു പ്രവർത്തനമാരംഭിച്ചാൽ മലിനീകരണം പഴയപടി വീണ്ടും ഉണ്ടാവുമെന്നതിനു യാതൊരു സംശയവുമില്ല. ഇന്നത്തെ നിലയിൽ ഒരു പരിഹാരവും ഇല്ലാത്തതാണ് ഈ പ്രശ്നം. മലിനീകരണം പൂർണമായും തടയണമെങ്കിൽ അതിനു ധാരാളം പണം ചിലവഴിക്കണം. ലാഭത്തിൽമാത്രം കണ്ണുള്ള കമ്പനിയുണ്ടോ അതിനു തയ്യാറാവുന്നു? ബിർളയെപ്പോലെ ബഹുകോടീശ്വരനായ ഒരു കമ്പനി മുതലാളിയെ വരുതിയിൽ നിർത്തുവാൻ കേരളസർക്കാരിനുപോയിട്ടു കേന്ദ്രഗവണ്മെന്റിനുണ്ടോ കഴിവ്? അതിനാൽ ഗ്വാളിയോർ റയോൺസ് ഫാക്ടറി പ്രവർത്തിക്കുന്ന കാലത്തോളം ചാലിയാറിന്റെ തീരങ്ങളിൽ പാർക്കുന്നവർ വിഷബാധ അനുഭവിക്കുകതന്നെ വേണ്ടിവരും. വേറെ മാർഗമില്ല.

മൃദുമരങ്ങളാണ് ഗ്വാളിയോർ റയോൺസ് കമ്പനിയുടെ അസംസ്കൃത വിഭവം. കമ്പനിക്ക് ആവശ്യമായത്ര മൃദുമരങ്ങൾ കേരളത്തിലെ കാടുകളിൽ നിന്നു കിട്ടുമോ എന്നു സംശയമാണ്. നമ്മുടെ ക്ഷയിച്ചുവരുന്ന കാടുകളുടെമേൽ പലരും പല ആവശ്യങ്ങൾക്കായി പിടിമുറുക്കിയിരിക്കുകയാണ്. നാട്ടുകാർക്ക് അടുപ്പിൽ തീകത്തിക്കാൻ വിറകുവേണം. ഗൃഹനിർമാണത്തിനും ഗൃഹോപകരണനിർമാണത്തിനും തടിവേണം. വെള്ളൂരിലെ ന്യൂസ്പ്രിന്റ് ഫാക്ടറി പുനലൂരിലെ കടലാസ്സുമിൽ എന്നിവയ്ക്കും അസംസ്കൃതവിഭവമായി ധാരാളം മരംവേണം. നാടൊട്ടുക്കുമുള്ള പ്ലൈവുഡ് ഫാക്ടറികൾ, തീപ്പെട്ടിക്കമ്പനികൾ മുതലായവയ്ക്കും മരംവേണം. പനമ്പ്, കൊട്ട മുതലായവ ഉണ്ടാക്കി ജീവിക്കുന്ന ലക്ഷക്കണക്കിനു പാവങ്ങൾക്കു മുളയും ഈറ്റയും വേണം. പന്തലിടാൻ, താങ്ങുകെട്ടാൻ, ഏത്തം ഉണ്ടാക്കാൻ– അങ്ങനെ മുളകൊണ്ടുള്ള കാർഷിക ഗാർഹിക ഉപയോഗങ്ങൾ നിരവധിയാണ്. ഈ ഉപയോഗങ്ങൾ പൂർണമായും നിറവേറ്റാൻ ആവശ്യമായത്ര മൃദുമരങ്ങളും മുള ഈറ്റകളും നമ്മുടെ കാടുകളിൽ ഉണ്ടാവുന്നില്ല. അതിനാൽ, ഇവയുടെ ഉപയോഗക്രമത്തിൽ ചില പ്രാഥമികതകൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. വിറക്, ഗൃഹ–ഗൃഹോപകരണ നിർമാണം, കുടിൽ വ്യവസായങ്ങൾ, തീപ്പെട്ടിവ്യവസായം, പ്ലൈവുഡ് വ്യവസായം മുതലായവയ്ക്കു വേണ്ടതു കഴിച്ചു വേറെയും മൃദുമരങ്ങളും മുള ഈറ്റകളും ബാക്കിയാവുന്നുണ്ടെങ്കിലേ ന്യൂസ്പ്രിന്റ് ഫാക്ടറി, കടലാസ് ഫാക്ടറി എന്നിവയുടെ കാര്യം ആലോചിക്കേണ്ടൂ. ഗ്വാളിയോർ റയോൺസിന്റെ കാര്യം ഏറ്റവും ഒടുവിൽമാത്രം പരിഗണിക്കപ്പെടേണ്ടതാണ്. അവസാനംമാത്രം ആലോചിക്കേണ്ടതിനു പ്രാഥമിക പരിഗണന നൽകിയതാണു നമ്മുടെ തെറ്റ്.

കേരള ഗവണ്മെന്റിനെ വെട്ടിൽ വീഴ്ത്താൻ ആവശ്യമായ തന്ത്രങ്ങളെല്ലാം ബിർളയുടെ കൈവശമുണ്ട്. മുമ്പു ടണ്ണിനു് ഒരു രൂപ വിലയ്ക്കാണ് കേരളത്തിലെ മുള മുഴുവൻ ബിർള വാങ്ങിയതു് എന്നു പറഞ്ഞുവല്ലോ. ഇപ്പോഴും അതേ വിലയ്ക്കാണ് കമ്പനി സർക്കാരിനു കൊടുക്കുന്നതു്. ഇതിന്റെ പത്തോ ഇരുപതോ ഇരട്ടിവില അന്നുതന്നെ മുളയ്ക്കു കേരളത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ വില ആയിരം ഇരട്ടിയിൽ ഏറെയാണ്. എങ്കിലും വളരെ ചുരുങ്ങിയ വിലയ്ക്കു് മൃദുമരങ്ങളും മുള–ഈറ്റകളും ദീർഘകാലക്കരാറനുസരിച്ചു ലഭിക്കുന്നതിനുള്ള സമ്മർദം സർക്കാരിന്റെമേൽ ഗ്വാളിയോർ റയോൺസ് ഉടമ ഇപ്പോഴും ചെലുത്തിവരികയാണ്. ബിർളയുടെ ഈ ആവശ്യം അനുവദിച്ചാൽ അതിന്റെ ഫലം കേരളസർക്കാരിന്റെ മുതലെടുപ്പു കുറയുക മാത്രമല്ല, അത്യാവശ്യത്തിനു പാവപ്പെട്ടവർക്കു മൃദുമരങ്ങളോ മുള–ഈറ്റകളോ കേരളത്തിലുടനീളം കിട്ടാതെ വരികകൂടി ആയിരിക്കും.

വ്യവസായവല്ക്കരണം ഒരു രാജ്യത്തിലും വൻകിട ഫാക്ടറികളെമാത്രം ആശ്രയിച്ചു് ഉണ്ടാകേണ്ട ഒരു പ്രതിഭാസമല്ല. വലിയ ഒരു ഫാക്ടറിയുടെ ചുറ്റുമായി എണ്ണമറ്റ അനുബന്ധ വ്യവസായങ്ങൾ വളർന്നുവരണം. ഇവയിൽ ഒട്ടേറെ ആളുകൾക്കു പണികിട്ടുകയും വേണം. എന്നാൽ, മാത്രമേ നാട്ടു വ്യവ

സംയവൽകൃതമാവുകയുള്ളൂ. ഗ്വാളിയോർ റയോൺസ് ഫാക്ടറി പ്രവർത്തിച്ചതിനെത്തുടർന്ന് കേരളത്തിൽ ഒരൊററ അനുബന്ധവ്യവസായവും ഉണ്ടായില്ല. പൾപ്പ് ബോർഡ് ഗ്വാളിയോറിലേക്കു കൊണ്ടുപോയി അവിടെവച്ച് അതു് റയോൺനൂലാക്കി നൂററ്, മില്ലുകളിലേക്ക് അയയ്ക്കുകയാണു കമ്പനിയുടമ ചെയ്യുന്നതു്. ഗ്വാളിയോർസ്യൂട്ടിങ്സ് എന്ന ഉപഭോഗവസ്തു മാത്രമാണ് കേരളത്തിലെത്തുന്നതു്, കടകളിൽ കേരളത്തിലെ കൈത്തറി വ്യവസായം ഏറിയകുറും നൂററാണ്ടിനുമുമ്പ് ജർമൻകാർ നടത്തിയിരുന്ന അതേരീതിയിൽതന്നെ നില്ക്കുകയാണ് ഇന്ന്. റയോൺ നൂൽ ഉപയോഗിച്ച് ഈ വ്യവസായത്തെ നവീകരിച്ചിരുന്നെങ്കിൽ നമ്മുടെ കൈത്തറിയിനങ്ങൾക്കു ലോകമാർക്കററിൽ കൊറിയ, ചൈന മുതലായ രാജ്യങ്ങളുമായി മത്സരിക്കാനുള്ള കഴിവു കൈവരുമായിരുന്നു. അതുണ്ടായില്ല. റയോൺ വ്യവസായം കേരളത്തിലെ പരമ്പരാഗത നെയ്ത്തു വ്യവസായത്തിന് ഒരു നന്മയും ചെയ്തില്ല. ഗ്വാളിയോർ റയോൺസ് ഫാക്ടറിയുടെ അനുബന്ധമായി മാവൂരിലും പരിസരങ്ങളിലും പൊന്തിവന്നതു് ഏതാനും ചായക്കടകളും അതിലേറെ ചാരായക്കടകളും മാത്രമാണ്. ചൂഷണമാത്രപ്രവണമായ കൊളോണിയൽ വ്യവസായത്തിന്റെ ഏററവും മികച്ച മാതൃകയാണ് മാവൂരിലെ ഗ്വാളിയോർ റയോൺസ്. ആ ഫാക്ടറിമൂലം ഏതാനും ആയിരം ആളുകൾക്കു ജോലി കിട്ടിയിട്ടുണ്ടെന്നതു ശരിതന്നെ. അതിനു വമ്പിച്ചവില പരിസ്ഥിതി മലിനീകരണത്തിലൂടെയും വനവിധ്വംസനത്തിലൂടെയും നാം നൽകുകയും ചെയ്തു. നേരിട്ടുള്ള ഏതാനും ആയിരം പേരുടെ ജോലി ഒഴിവാക്കിയാൽ കേരളത്തിന്റെ വ്യവസായവല്ക്കരണത്തിന് ഒരു സംഭാവനയും ഗ്വാളിയോർ റയോൺസ് നല്കിയിട്ടില്ല.

ഗ്വാളിയോർ റയോൺസിനെ ഒരു വ്യവസായമെന്നല്ല, ഒരു മഹാമാരി, ഒരു പ്ലേഗ് നാടിനെ കരണ്ടുതിന്നുന്ന ഒരു അർബുദവ്രണം എന്നാണു വിശേഷിപ്പിക്കേണ്ടതു്. കേരളസംസ്ഥാനത്തിനു നേരിട്ട ദുർഭാഗ്യങ്ങളിൽ ഏററവും വലിയ ഒന്നാണ് ഗ്വാളിയോർ റയോൺസ്. കഴിയുംവേഗം അതു് എന്നെന്നേക്കുമായി അടച്ചുപൂട്ടുകയാണു വേണ്ടതു്. ഈ പൊല്ലാപ്പു നമുക്കു വേണ്ട!

അതേസമയം അവിടത്തെ തൊഴിലില്ലാത്ത തൊഴിലാളികളുടെ പ്രശ്നമുണ്ട്. ഇതൊരു മാനുഷികപ്രശ്നമാണ്. ജോലി നഷ്ടപ്പെട്ട മാവൂർ തൊഴിലാളികൾക്കു നിയമപ്രകാരം ലഭിക്കാവുന്ന എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും കമ്പനിയുടമയുടെ കൈയിൽനിന്നു സർക്കാർ വാങ്ങിക്കൊടുക്കണം. ഇതിനുവേണ്ടി കമ്പനി ഉടമയുടെ മേൽ എന്തു നിർബന്ധം ചെലുത്തിയാലും അധികമാകയില്ല. ജോലി നഷ്ടപ്പെട്ട ഈ തൊഴിലാളികൾക്കു സർക്കാരിലോ അർദ്ധസർക്കാർസ്ഥാപനങ്ങളിലോ സ്വകാര്യസ്ഥാപനങ്ങളിലോ ഇനി വരുന്ന ഒഴിവുകളിൽ നിയമനത്തിനു മുൻഗണന നൽകണം. അവരിൽ സാദ്ധ്യതയുള്ളവരെ പുതിയ തൊഴിലുകൾ ചെയ്യാൻവേണ്ട പരിശീലനത്തിനു വിധേയരാക്കണം. മാനുഷികപരിഗണനയോടെ കഴിവുള്ള എല്ലാ വിധത്തിലും അവർക്ക് ആശ്വാസമെത്തിക്കണം.

സമ്മർദത്തിനു വഴിപ്പെട്ട് കേരളത്തിലെ വനവിഭവങ്ങൾ നിസ്സാരവിലയ്ക്കു ഗ്വാളിയോർ റയോൺസിന് കുത്തകയായി ഇനിയും നൽകുംമുമ്പ് സർക്കാർ ഇക്കാര്യങ്ങളെല്ലാം ഗാഢമായി ആലോചിക്കേണ്ടിയിരിക്കുന്നു. ഉദ്ബുദ്ധരായ പൊതുജനങ്ങൾ, പൊതുപ്രവർത്തകർ, ശാസ്ത്രജ്ഞർ, പ്രകൃതിപ്രേമികൾ, വ്യവസായവിദഗ്ദ്ധർ തുടങ്ങിയവർ ഈ കാര്യം സംബന്ധിച്ച തങ്ങളുടെ സുനിർണ്ണീതമായ അഭിപ്രായം അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തുകയും വേണം.

മൗനം ഒരു മഹാപരാധമായി മാറുന്ന സന്ദർഭങ്ങളുണ്ട്. ഇതു് അത്തരമൊരു സന്ദർഭമാണ്.

(6 മാർച്ച്, 1988)